**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **12-02-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി.യുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ വി ജോയി,<br>ശ്രീ. എ. രാജ,<br>ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2011-16 കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച ധനകാര്യ അഡീഷണൽ സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ടുമായി ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെത്തുടർന്ന് അന്നത്തെ പി.എസ്.സി. ചെയർമാനെതിരെ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിരുന്നോ; | (എ) | ഉണ്ട്. സാമ്പത്തിക ക്രമക്കേടുകളിൽ അന്നത്തെ ചെയർമാനും ഉത്തരവാദിത്തമുണ്ടെന്ന് കണ്ടെത്തു കയുണ്ടായി. ഇത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയോട് അഭ്യർത്ഥിക്കാമെന്ന ശിപാർശ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു.<br><br>പ്രസ്തുത റിപ്പോർട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ അഭിപ്രായത്തിനായി അയച്ചുകൊ ടുത്തിരുന്നു. കമ്മീഷനിൽ സ്പെഷ്യൽ ഓഡിറ്റ് നടത്താൻ അക്കൗണ്ടന്റ് ജനറലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. |
| (ബി) | 2016 മുതൽ പി.എസ്.സി.യിൽ നടത്തിവരുന്ന നവീകരണവും ആധുനികവത്ക്കരണവും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | 2016 മുതൽ പി.എസ്.സി.യിൽ നടത്തിവരുന്ന നവീകരണ - ആധുനികവത്കരണ പ്രവർത്ത നങ്ങൾ ചുവടെപ്പറയുന്നവയാണ്.<br><br>1. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി e-vacancy software സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>2. പരീക്ഷാ കലണ്ടർ മൂന്ന് മാസം മുൻപ് മുൻകൂറായി വെബ്സൈറ്റിൽ അപ്-ലോഡ് ചെയ്തുവരുന്നു. പരീക്ഷ എഴുതുമെന്ന് ഉറപ്പുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും പ്രൊഫൈൽ മുഖേന കൺഫർമേഷൻ സ്വീകരിച്ച ശേഷം മാത്രം പരീക്ഷയ്ക്ക് അഡ്മിറ്റ് കാർഡ് പ്രൊഫൈൽ മുഖേന ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നു.<br>3. തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച് കഴിവതും ഒരു വർഷത്തിനകം പരീക്ഷ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്നു. യൂണിഫോംഡ് തസ്തികകൾക്ക് വാർഷിക സെലക്ഷൻ നടത്തി വരുന്നു.<br>4. വാർഷിക പരീക്ഷാ കലണ്ടർ പ്രഖ്യാപിക്കുന്നതിലൂടെ ഉദ്യോ ഗാർത്ഥികൾക്ക് വളരെ നേരത്തെ തന്നെ പരീക്ഷകൾക്കായി തയ്യാറാ കാൻ കഴിയുന്നുണ്ട്.<br>5. അപേക്ഷകളുടെ എണ്ണം കൂടി കണക്കിലെടുത്ത് ചില തസ്തികകൾക്ക് ഓൺലൈൻ പരീക്ഷ നടത്തി വരുന്നു. ഇത്തരം തസ്തികകളിൽ അതിവേഗം മൂല്യനിർണ്ണയം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിയ്ക്കുവാൻ കഴിയുന്നു.<br>6. പ്രൊവിഷണൽ ഉത്തരസൂചിക സംബന്ധിച്ച ആക്ഷേപങ്ങളും ഉദ്യോഗാർത്ഥികൾക്ക് തങ്ങ ളുടെ പ്രൊഫൈൽ മുഖേന നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.<br>7. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനായി 'Exam Management Software' കമ്മീഷൻ വികസിപ്പിച്ചിട്ടുണ്ട്.<br>8. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി വ്യക്തമായി തിരിച്ചറിയുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>9. റാങ്ക് പട്ടികകളിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിനായി 'e-Rotation' സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. നിയമന ശിപാർശകളുടെ സോഫ്റ്റ് കോപ്പി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കി വരുന്നു.<br>10. റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച ശേഷം ഉത്തരക്കടലാസുകളുടെ പകർപ്പ്, പുന:പരിശോധന എന്നിവയ്ക്കായി ഉദ്യോഗാർ ത്ഥികൾക്ക് പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിയ്ക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.<br>11. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമന പരിത്യാഗ അപേക്ഷകൾ സമർപ്പിച്ചാൽ ആയത് ലഭ്യമായ വിവരം അറിയിച്ചു കൊണ്ട് ബന്ധപ്പെട്ട ഉദ്യോഗാർത്ഥി കൾക്ക് പ്രൊഫൈൽ മുഖാന്തിരം അറിയിപ്പ് നൽകുന്നു. |
| (സി) | പി.എസ്.സി.യുടെ പശ്ചാത്തല സാങ്കേതിക | (സി) | തസ്തിക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ |

| | | | |
|---|---|---|---|
| | സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ തസ്തികകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ